**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **13-01-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി വകുപ്പിൽ ഒരു കേഡറിൽ രണ്ടു പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | മറ്റ് സംസ്ഥാന ജി.എസ്.ടി വകുപ്പുകളിൽ ഒരു പദവിയെ ഒന്നാകെ പുനർനാമകരണം ചെയ്തപ്പോൾ കേരളത്തിൽ മാത്രം എന്തിനാണ് ഒരു കേഡറിൽ രണ്ടു പദവി കൊണ്ടു വന്നത് എന്നറിയിക്കാമോ; ഇതിന് ആധാരമായ റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ; | (എ) | ജി.എസ്.ടി നടപ്പാക്കുമ്പോൾ വകുപ്പിലെ വിവിധ തസ്തികകളും അവയുടെ കർത്തവ്യങ്ങളും ചുമതലകളും മറ്റു സംസ്ഥാനങ്ങളും കേന്ദ്രവുമായും ജി.എസ്.ടി നിയമമനുസരിച്ച് ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിലുള്ള തസ്തികകളുടെ ശമ്പളത്തിലോ അലവൻസുകളിലോ വ്യത്യാസം വരുത്താതെ തന്നെ തസ്തിക പുനർ നാമകരണം നടത്തിയത്. |
| (ബി) | കേഡർ വിഭജിച്ചതിലൂടെ എന്ത് ഗുണമാണ് സർക്കാർ പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | (ബി) | മറ്റു സംസ്ഥാനങ്ങളും കേന്ദ്രവുമായും ജി.എസ്.ടി നിയമത്തിനനുസരിച്ച് തസ്തികകളുടെ ഏകീകരണവും നിയമപരമായ ഉത്തരവാദിത്വവും ലക്ഷ്യമാക്കിയാണ് തസ്തിക പുനർനാമകരണം നടപ്പിലാക്കിയത്. |
| (സി) | പുനർനാമകരണത്തിന് ശേഷം വിഭജിക്കപ്പെട്ട കേഡറിലെ രണ്ട് പദവികൾ തമ്മിൽ നിയമപരമായോ ജോലിയുടെ അടിസ്ഥാനത്തിലോ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ; | (സി) | മറ്റു സംസ്ഥാനങ്ങളും കേന്ദ്രവുമായും ജി.എസ്.ടി നിയമത്തിനനുസരിച്ച് തസ്തികകളുടെ ഏകീകരണവും നിയമപരമായ ഉത്തരവാദിത്വവും ലക്ഷ്യമാക്കിയാണ് തസ്തിക പുനർനാമകരണം നടപ്പിലാക്കിയത്. |
| (ഡി) | സ്റ്റേറ്റ് ടാക്സ് ഓഫീസർ, അസിസ്റ്റന്റ് കമ്മീഷണർ പദവികൾ വഹിക്കുന്നവരെ പരസ്പരം സ്ഥലം മാറ്റുന്നതിന് പുനർനാമകരണം തടസ്സമാകുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ 25% ഹയർ ഗ്രേഡ് പോസ്റ്റുകൾ ഉണ്ട്. എസ്.ടി.ഒ പോസ്റ്റിനേക്കാൾ ഉയർന്ന ശമ്പള സ്കെയിൽ ഉള്ള സ്റ്റേറ്റ് ടാക്സ് ഓഫീസർ ഹയർ ഗ്രേഡ് പോസ്റ്റിനെ ശമ്പളത്തിലോ അലവൻസുകളിലോ വ്യത്യാസം വരുത്താതെയാണ് അസിസ്റ്റന്റ് കമ്മീഷണർ എന്ന് പുനർനാമകരണം നടത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ തന്നെ തസ്തികകളുടെ കടമകൾക്കും ഉത്തരവാദിത്വങ്ങൾക്കും പുനർനാമകരണം കൊണ്ടും വ്യത്യാസം ഉണ്ടാകുന്നില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പ്രസ്തുത പദവികൾ വഹിക്കുന്നവരെ പരസ്പരം സ്ഥലം മാറ്റുന്നതിന് പുനർനാമകരണം തടസ്സമാകുന്നില്ല. |

സെക്ഷൻ ഓഫീസർ